## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5845** 30.07.2015-ന് മറുപടിക്ക്

### മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ.എസ്. സലീഖ | ശ്രീ.ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) മലിനീകരണ നിയന്ത്രണ ബോർഡിൽ നിലവിൽ എത്ര ജീവനക്കാരുണ്ട് എന്നും അഴിമതി ആരോപണങ്ങളും കേസ്സുകളും നേരിടുന്ന ജീവനക്കാർ ആരെല്ലാം എന്നും (ജില്ല തിരിച്ചുള്ള വിശദാംശം ഉൾപ്പെടെ) വ്യക്തമാക്കുമോ; | (എ) ബോർഡിൽ 129 സ്ഥിരം ജീവനക്കാരാണുള്ളത്. ഇതിൽ കേസ്സുകൾ നേരിടുന്നവർ താഴെപ്പറയുന്നവരാണ്:<br>1. ശ്രീമതി. പി. വിജയാദേവി - എൻവയോൺമെന്റൽ എഞ്ചിനീയർ<br>2. ശ്രീ. എ.കെ. സുരേന്ദ്രൻ - എൻവയോൺമെന്റൽ എഞ്ചിനീയർ<br>3. ശ്രീമതി. സിന്ധു രാധാകൃഷ്ണൻ -എൻവയോൺമെന്റൽ എഞ്ചിനീയർ<br>4. ശ്രീമതി.കെ.എസ്.വിനയ - എൻവയോൺമെന്റൽ എഞ്ചിനീയർ<br>5. ശ്രീമതി.സുശീലാ നായർ - അസിസ്റ്റന്റ് എൻവയോൺമെന്റൽ എഞ്ചിനീയർ<br>6. ശ്രീ. ബിജു. എം.ബി. - സെലക്ഷൻ ഗ്രേഡ് അസിസ്റ്റന്റ് |
| (ബി) ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും ബോർഡ് അംഗീകാര സർട്ടിഫിക്കറ്റ് നലിൽകിയ ക്വാറികൾ, ബാറുകൾ, ബഹുനില കെട്ടിടങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവ ഏതെല്ലാമെന്നും സർട്ടിഫിക്കറ്റ് നിരസിച്ച സ്ഥാപനങ്ങൾ ഏതെല്ലാമെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (ബി) വിവരം ശേഖരിച്ചുവരുന്നു. |
| (സി) ബോർഡിലെ സ്ഥിരം ജീവനക്കാർ, താല്കാലിക ജീവനക്കാർ, അപ്രന്റീസുകൾ, എച്ച്.ആർ. ജീവനക്കാർ, സ്ഥിരമല്ലാത്ത ജീവനക്കാർ എന്നിവരുടെ വിശദമായ ലിസ്റ്റ് ലഭ്യമാക്കുമോ ; | (സി) സ്ഥിരം ജീവനക്കാർ - 122<br>താത്ക്കാലിക ജീവനക്കാർ - 6<br>ഡെപ്യൂട്ടേഷൻ ജീവനക്കാർ - 62<br>ഗ്രാ.എൻ. അപ്രന്റീസ് - 53<br>പി.ജി. സയന്റിഫിക് അപ്രന്റീസ് - 43<br>കൊമേഴ്ഷ്യൽ അപ്രന്റീസ് - 49 |

(contd........2...)

(ഡി) ബോർഡിലെ എഞ്ചിനീയറിംഗ്/സയന്റിഫിക് അസിസ്റ്റന്റ് തസ്തികകളിൽ എത്ര ഒഴിവുകളുണ്ട് എന്നും ഇതിലേക്ക് എത്ര അപേക്ഷകർ ഉണ്ടായിരുന്നു എന്നും നിയമനം സംബന്ധിച്ച പരാതികൾ എന്തെല്ലാമെന്നും നിയമനം എന്നാണ് സർക്കാർ തടഞ്ഞതെന്നും നിയമന അഴിമതികളിൽ പങ്കാളികളായി കണ്ടെത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമെന്നും വ്യക്തമാക്കുമോ;

(ഡി) ബോർഡിലെ എഞ്ചിനീയറിംഗ്/ സയന്റിഫിക് അസിസ്റ്റന്റ് തസ്തികകളിലെ 56 ഒഴിവുകളിലേയ്ക്കാണ് അപേക്ഷ ക്ഷണിച്ചിരുന്നത്. ഇതിലേയ്ക്ക് 21155 പേർ അപേക്ഷകൾ സമർപ്പിച്ചിരുന്നു. നിയമനത്തിനായുള്ള പ്രായപരിധി 35 വയസായി നിജപ്പെടുത്തിയത് സംബന്ധിച്ച് സംസ്ഥാന യുവജന കമ്മീഷൻ മുഖേനയും സർക്കാരിനു നേരിട്ടും പരാതികൾ ലഭിച്ചിരുന്നു. ബോർഡിലേക്ക് ഒറ്റത്തവണ നേരിട്ട് നിയമനം നടത്താനുള്ള നടപടികൾ 03.07.2015-ൽ സർക്കാർ റദ്ദ് ചെയ്യുകയുണ്ടായി. ഈ നിയമന നടപടികളിൽ അഴിമതി ഉള്ളതായി കണ്ടെത്തിയിട്ടില്ല.

(ഇ) പ്രസ്തുത തസ്തികകളിൽ നിയമനത്തിനായി നിലവിലെ നിയമന രീതിയും, ഉദ്യോഗസ്ഥരെയും ഒഴിവാക്കി പുതിയ അപേക്ഷകൾ ക്ഷണിച്ച് നിയമനങ്ങളുടെ മേൽനോട്ടം ഒരു വിദഗ്ദ്ധ സമിതിക്കോ പി.എസ്.സി.യ്ക്കോ വിടുന്നതിനു നടപടി സ്വീകരിക്കുമോയെന്നു വ്യക്തമാക്കുമോ ?

(ഇ) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുന്നതിനായി പ്രസിദ്ധീകരിച്ച കരട് നിയമഭേദഗതി ബിൽ (ബിൽ നമ്പർ.153) സഭയിൽ പാസ്സാക്കുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ